Kudumbashree
State Poverty Eradication Mission
Local Self Govt.Department, Govt.of Kerala

6701/എഫ്/2013/കെ.എസ്.എച്ച്.ഒ.

## സർക്കുലർ

വിഷയം: കുടുംബശ്രീ - ദേശീയ ഉപജീവന മിഷൻ (എൻ.യു.എൽ.എം). - റിവോൾവിംഗ് ഫണ്ട് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന: എൻ.യു.എൽ.എം. വാർഷിക ആക്ഷൻ പ്ലാൻ 2015-16

ദേശീയ ഉപജീവന മിഷന്റെ (എൻ.യു.എൽ.എം) ഭാഗമായി സ്വയംസഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നു. സംഘത്തിലെ അംഗങ്ങളിൽ മിതവ്യയ ശീലം ആരംഭിക്കുന്നതിനും, വിവിധ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംഘത്തിന്റെ സ്ഥാപനശാക്തീകരണത്തിനുമാണ് പ്രധാനമായും റിവോൾവിംഗ് ഫണ്ട് നൽകുന്നത്. ഇതിനു പുറമേ സംഘാംഗങ്ങൾ തമ്മിലുള്ള കടം നൽകലിനും (internal lending) ഈ തുക ഉപയോഗിക്കാവുന്നതാണ്. റിവോൾവിംഗ് ഫണ്ടായി നൽകുന്ന തുക സംഘത്തിന്റെ കോർപ്പസ് ഫണ്ടായി പരിഗണിക്കേണ്ടതാണ്.

റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സംഘങ്ങൾ നിശ്ചിത മാതൃകയിലുള്ള ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ്. മറ്റ് വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1) റിവോൾവിംഗ് ഫണ്ട് (RF)

മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹതപ്പെട്ട ഒരു സംഘത്തിന് 10,000 രൂപ റിവോൾവിംഗ് ഫണ്ടായി ലഭ്യമാക്കുന്നതാണ്. ഏറ്റവും പാവപ്പെട്ട അംഗങ്ങൾ ഉൾപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഈ തുക ലഭിക്കുന്നതിലൂടെ സ്വയം സഹായ സംഘങ്ങളുടെ മൊത്തം സമ്പാദ്യ വർദ്ധിപ്പിക്കുകയും കൂടുതൽ തുക ആന്തരിക വായപയായി അംഗങ്ങൾക്ക് വിതരണം നടത്തുന്നതിനും സാധിക്കുന്നതാണ്.

### 2) <u>റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതിനുവേണ്ട മാനദണ്ഡങ്ങൾ:-</u>

2.1. നഗര പ്രദേശങ്ങളിലെ സിഡിഎസ്സുകളിൽ അംഗങ്ങളായിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്കായിരിക്കും ഈ ഫണ്ട് ലഭ്യമാക്കുക.
2.2. സംഘങ്ങളിൽ കുറഞ്ഞത് 70% അംഗങ്ങൾ എങ്കിലും ബിപിഎൽ കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം,
2.3. ആരംഭിച്ച് ആറു മാസം കഴിഞ്ഞ സംഘങ്ങൾക്കു ഫണ്ട് ലഭ്യമാകുന്നതിന് അർഹതയുണ്ട്.
2.4. കുടുംബശ്രീ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും കൃത്യമായി പാലിക്കുന്ന സംഘങ്ങൾക്ക് മാത്രമെ ഈ തുക ലഭിക്കുവാൻ അർഹതയുള്ളു. നിർദ്ദേശിച്ചിട്ടുള്ള സമയക്രമങ്ങളിൽ മീറ്റിംഗുകൾ കൂടുക, എല്ലാ രജിസ്ട്രറുകളും കണക്കുകളും കൃത്യമായി എഴുതി സൂക്ഷിക്കുക, വായ്പ കൃത്യമായി തിരിച്ചടയ്ക്കുക, ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുക, എല്ലാ യോഗങ്ങളിലും അംഗങ്ങളുടെ ഹാജർ 90% -ത്തിൽ കൂടുതൽ ആയിരിക്കുക.
2.5. എസ്ജെഎസ്ആർവൈ പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് ഈ പദ്ധതിയിൻ കീഴിൽ റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതല്ല.

Trida Buildings, Medical College P.O., Thiruvananthapuram-695 011
Tel: 0471-2554714, 2554715 (O) Fax: 0471-2554717 e-mail: info@kudumbashree.org
www.kudumbashree.org

3. റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിന്, ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫോർമാറ്റിൽ അപേക്ഷ (അനുബന്ധം-1) എഡിഎസ്സിന് സമർപ്പിക്കേണ്ടതാണ്.
4. പ്രവർത്തനത്തിൽ പിന്നോക്കം നില്ക്കുന്ന അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതിയുള്ളതിനാൽ, ഒരു കാരണവശാലും ഇത്തരത്തിലുള്ള അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകേണ്ടതില്ല. ഏറ്റവും മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള, കൃത്യമായി യോഗങ്ങൾ കൂടിയിട്ടുള്ള അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കേണ്ടത്. ഒരു നഗരസഭയിൽ ആദ്യ ഘട്ടത്തിൽ ഫണ്ട് അനുവദിക്കാൻ കഴിയുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.
5. എഡിഎസ് കമ്മിറ്റി അപേക്ഷ പരിഗണിക്കേണ്ടതും സംഘങ്ങൾ ഫണ്ടിന് അർഹമായ നിബന്ധനകൾ പാലിക്കുന്നവയാണ് എന്ന് ഉറപ്പുവരുത്തേണ്ട തുമാണ്. ഇത്തരം അപേക്ഷകൾ എഡിഎസ് ശുപാർശയോടു കൂടി സിഡിഎസ്സിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ സിഡിഎസ് പരിശോധിക്കേണ്ടതും സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റിന് സമർപ്പിക്കുന്നതിനായി സിഡിഎസിന്റെ അംഗീകാരം തേടേണ്ടതുമാണ്.
6. സിഡിഎസ്സിൽ നിന്നും അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റ് 10 ദിവസത്തിനകം പരിശോധനാ നടപടികൾ പൂർത്തീകരിച്ച് അർഹമായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കേണ്ട ശുപാർശ നഗരസഭകൾക്ക് നൽകേണ്ടതാണ്.
7. സിറ്റി പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നഗരസഭാ സെക്രട്ടറി റിവോൾവിംഗ് ഫണ്ട് അനുവദിച്ച് ഉത്തരവാകേണ്ടതും, ബന്ധപ്പെട്ട സിഡിഎസ് സംഘത്തിന്റെ എസ്.ബി അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കേണ്ടതും ആയത് ബന്ധപ്പെട്ട സംഘത്തിന്റെ അക്കൗണ്ടിലേക്ക് നൽകുന്നതുമാണ്.
8. ഫണ്ട് ലഭ്യമായ സ്വയംസഹായ സംഘങ്ങൾ പ്രസ്തുത തുക അനുവദനീയമായ പ്രവർത്തനങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട സിഡിഎസ്സുകൾ ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. എല്ലാ നഗരസഭാ ചെയർമാന്മാർക്കും-മേയർമാർക്കും
2. എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
3. എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും
4. എല്ലാ നഗരസഭാ സിഡിഎസ് മെമ്പർ സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

***പകർപ്പ്***

എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
കരുതൽ/അധികം

അംഗീകാരത്തോടെ,

പ്രോഗ്രാം ഓഫീസർ (അർബൻ)